ഉത്തരം

(എ) ജിം-ന് ശേഷം കെ. എസ്. ഐ. ഡി. സി.-യുടേയും കിൻഫ്രയുടേയും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായി 25 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ജിം-ൽ ഒപ്പുവച്ച 10 യൂണിറ്റുകളുണ്ട്. എല്ലാം സ്വകാര്യ മേഖലയിലാണ്.

(ബി) കിൻഫ്രയുടെ വിവിധ പാർക്കുകളിലായി പ്രവർത്തനം ആരംഭിച്ചതും പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതുമായ 24 പദ്ധതികളിൽ 12 എണ്ണം കേന്ദ്ര കമ്പനി കാര്യവകുപ്പിന്റെ രജിസ്ട്രേഷൻ ലഭിച്ചവയാണ്.

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റുവഴി ലഭിച്ച നിക്ഷേപം

8 [1147] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ എത്ര കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ഉണ്ടായിരുന്നത്;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട എത്ര തൊഴിലവസരങ്ങൾ ലഭിക്കും എന്നാണ് സർക്കാർ പ്രതീക്ഷിച്ചിരുന്നത്;

(സി) ഇതിനകം ആരംഭിക്കാൻ കഴിഞ്ഞ പദ്ധതികളിൽ ചെറുകിട പദ്ധതികൾ എത്ര; വൻകിട പദ്ധതികൾ എത്ര;

(ഡി) ഈ പദ്ധതികളുടെ നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ 11159.45 കോടി രൂപയുടെ 96 പദ്ധതികൾക്ക് ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി.

(ബി) ലഭ്യമാകാനിടയുള്ള തൊഴിലവസരങ്ങൾ കണക്കാക്കപ്പെട്ടിരുന്നില്ല.

(സി) ഇതിനകം 8 വൻകിട പദ്ധതികളും 3 ഇടത്തരം പദ്ധതികളും ആരംഭിച്ചു, ചെറുകിട പദ്ധതികൾ ഇല്ല.

(ഡി) 11 പദ്ധതികളുടെ മൊത്തം നിക്ഷേപം 121.25 കോടി രൂപയാണ്.

ആഗോള നിക്ഷേപക സംഗമത്തിനുശേഷം വ്യവസായ മേഖലയിലുണ്ടായ വളർച്ച

9 [1148] ശ്രീ. കെ. കെ. ജയചന്ദ്രൻ:
,, മത്തായി ചാക്കോ:
,, മഞ്ഞളാംകുഴി അലി:
,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള നിക്ഷേപക സംഗമത്തിനു(ജിം)ശേഷം സംസ്ഥാനത്തെ ഏതെല്ലാം വ്യവസായ മേഖലയിൽ എന്തെല്ലാം നിലയിലുള്ള വളർച്ച പ്രകടമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly